അബൂ ഹസന കുന്ദമംഗലം

# പ്രവാചക പ്രകീർത്തനങ്ങളുടെ നിയന്ത്രണ രേഖ

عَنْ عُمَر رَضِيَ الله عَنْهُ قَالَ: سَمِعْتُ النَّبِيَّ ﷺ يَقُولُ: لاَ تُطْرُونِي كَمَا أَطْرَتِ النَّصَارَى ابْنَ مَرْيَمَ فَإِنَّمَا أَنَا عَبْدُه، فَقُولُوا: عَبْدُ الله وَرَسُولُهُ (البخارى)

ഉമറി(റ)ൽനിന്ന്: നബി(സ) പറയുന്നത് ഞാൻ കേട്ടു: "ക്രിസ്ത്യാനികൾ മർയമിന്റെ പുത്രനെ അമിതമായി വാഴ്ത്തിയത് പോലെ നിങ്ങളെന്നെ വാഴ്ത്തരുത്. ഞാൻ അല്ലാഹുവിന്റെ ദാസൻ മാത്രം. അല്ലാഹുവിന്റെ ദാസനും ദൂതനും എന്ന് പറഞ്ഞുകൊള്ളുക" (ബുഖാരി).

പ്രവാചക സ്നേഹം വിശ്വാസിയുടെ മുഖമുദ്രയായിരിക്കും. മനുഷ്യർ തമ്മിലുണ്ടാവേണ്ട സകല സ്നേഹത്തെയും കവച്ചുവെക്കുന്ന സ്നേഹമായിരിക്കുമത്. അഥവാ പ്രവാചകനോടുള്ള സ്നേഹത്തിന്റെ മുന്നിൽ മറ്റെല്ലാതരം സ്നേഹവും വിശ്വാസിക്ക് നിസ്സാരമായിത്തോന്നും. നബി(സ) പറഞ്ഞു: "സ്വന്തം മാതാപിതാക്കളെക്കാളും മക്കളെക്കാളും മറ്റാരെക്കാളും ഞാൻ പ്രിയങ്കരനാവുന്നത് വരെ നിങ്ങളിലാരും തന്നെ വിശ്വാസിയാവുകയില്ല."

അല്ലാഹുവും റസൂലും മറ്റാരെക്കാളും പ്രിയങ്കരമായവനാണ് ഈമാനിന്റെ മാധുര്യമാസ്വദിച്ചവൻ. എന്നാൽ നബിയോട് പുലർത്തണമെന്ന് ഖുർആനും സുന്നത്തും നിർദേശിക്കുന്ന സ്നേഹം കേവല വൈകാരികം എന്നതിനപ്പുറം വിചാരപരവും (ബുദ്ധിപരം) ആദർശപരവുമായിരിക്കണം. നബിചര്യ പിൻപറ്റാതുള്ള നബിസ്നേഹം നിരർഥകമാണ്.

തങ്ങളുടെ പ്രവാചകനോടുള്ള സ്നേഹം അതിർലംഘിച്ച് ക്രിസ്ത്യാനികൾ, ജീവിതത്തിലുടനീളം ഏകദൈവത്വം ഉദ്ഘോഷിച്ച ഈസാ നബി(അ)യെ ത്തന്നെ ആരാധിക്കുന്നേടത്തോളമെത്തുകയുണ്ടായി. തനി ശിർക്കായ ഈ അവസ്ഥയിൽ തന്റെ അനുയായികളും വന്നുപെടുമോ എന്ന ആശങ്കയാണ് ഉപര്യുക്ത വചനത്തിൽ പ്രവാചകൻ പങ്കുവെക്കുന്നത്. വ്യക്തിയാരാധനയിലേക്കെത്തുന്ന സകല കവാടങ്ങളും നബി(സ) നേരത്തേ തന്നെ കൊട്ടിയടച്ചിട്ടുള്ളത് അതുകൊണ്ടാണ്. അനസ് (റ) പറയുന്നു: "സ്വഹാബികൾക്ക് നബിയേക്കാൾ പ്രിയങ്കരനായ മറ്റൊരാളുമുണ്ടായിരുന്നില്ല. എങ്കിലും നബിയെ കാണുമ്പോൾ അവർ ബഹുമാനിച്ച് എഴുന്നേറ്റ് നിൽക്കാറുണ്ടായിരുന്നില്ല. കാരണം നബിക്കത് ഇഷ്ടമില്ലെന്ന് അവർക്കറിയാമായിരുന്നു."

പ്രവാചകൻ ഒരു ചൂരൽ വടിയിലൂന്നി ഒരിക്കൽ അനുചരന്മാർക്കിടയിലേക്ക് കടന്നുവന്നു. അപ്പോൾ അവരെല്ലാവരും ആദരപൂർവം എഴുന്നേറ്റു നിന്നു. ഇത് ശ്രദ്ധിച്ച നബി പറഞ്ഞു: "എഴുന്നേറ്റ് നിൽക്കരുത്. അനറബികളുടെ സമ്പ്രദായമാണ് പരസ്പരം ബഹുമാനിച്ച് എഴുന്നേറ്റ് നിൽക്കൽ. അത് നമുക്ക് ചേർന്നതല്ല."

തന്നെ പുകഴ്ത്തുകയായിരുന്ന ഒരാളോട് നബി(സ) പറഞ്ഞു: "ഒരു മുസ്ലിം ആരെയെങ്കിലും പുകഴ്ത്തുകയാണെങ്കിൽ അയാളെക്കുറിച്ച് തനിക്കറിയാവുന്ന കാര്യങ്ങളേ പറയാൻ പാടുള്ളൂ." ഒരാളെ പുകഴ്ത്തേണ്ടതുണ്ടെങ്കിൽ അതിശയോക്തിയും മുഖസ്തുതിയും ഒഴിവാക്കി വേണം പുകഴ്ത്താൻ എന്നു സാരം.

റുബയ്യിഅ് ബിൻത് മുഅവ്വിദി(റ)ൽനിന്ന്: അവർ പറഞ്ഞു: "എന്റെ വിവാഹം കഴിഞ്ഞ് വീട് കൂടിയതിന്റെ പിറ്റെന്നാൾ പുലർച്ചെ നബി എന്റെയടുക്കൽ വന്നു. അപ്പോൾ ഏതാനും ചെറിയ പെൺകുട്ടികൾ ദഫ്മുട്ടി പാട്ടുപാടുകയും ബദ്റിൽ രക്തസാക്ഷികളായ അവരുടെ പിതാക്കന്മാരുടെ അപദാനങ്ങൾ വാഴ്ത്തുകയും ചെയ്യുന്നുണ്ടായിരുന്നു. ആ സമയത്ത് അവിടെയെത്തിയ നബിയെ കണ്ടപ്പോൾ അവരിലൊരുവൾ ഇങ്ങനെ പാടി: 'നാളത്തെ കാര്യമറിയുന്ന ഒരു നബി ഞങ്ങളിലുണ്ട്.' അപ്പോൾ നബി(സ) അവരോട് പറഞ്ഞു: നിങ്ങളിങ്ങനെ പറയരുത്. നേരത്തെ പറഞ്ഞുകൊണ്ടിരുന്നത് തന്നെ പറഞ്ഞുകൊള്ളൂ" (ബുഖാരി).

ഓരോ നമസ്കാരത്തിലും വിശ്വാസി സമൂഹം പ്രവാചകന് അഭിവാദ്യം നേർന്നും സ്വലാത്ത് ചൊല്ലിയുംകൊണ്ടിരിക്കുന്നു. പ്രവാചകന്റെ നാമം പറയുകയും ശ്രവിക്കുകയും വായിക്കുകയും ചെയ്യുന്ന മുഴുവൻ സന്ദർഭങ്ങളിലും അദ്ദേഹത്തിന് രക്ഷക്കും സമാധാനത്തിനും വേണ്ടി പ്രാർഥിച്ചുകൊണ്ടിരിക്കുന്നു. ഇതിനെല്ലാമുള്ള പ്രാർഥനാ വചനങ്ങളും അവ പ്രാർഥിച്ചാലുള്ള പ്രതിഫലമെന്താണെന്നും നബി(സ) തന്നെ പഠിപ്പിച്ചുതന്നിട്ടുണ്ട്. തന്നോടുള്ള സ്നേഹ പ്രകടനത്തിൽ ദീക്ഷിക്കേണ്ട ആദർശപരതയുടെ സ്വഭാവം പ്രവാചകൻ ഊന്നിപ്പറഞ്ഞതിങ്ങനെ: "എന്റെ ചര്യയെ സ്നേഹിച്ചവൻ എന്നെ സ്നേഹിച്ചു. എന്നെ സ്നേഹിക്കുന്നവൻ സ്വർഗത്തിൽ എന്നോടൊപ്പമായിരിക്കും." ●